പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5193 27.6.2019 ൽ മറുപടിയ്ക്ക്

**ഓട്ടിസം ബാധിച്ച കുട്ടികൾക്കുള്ള ആനുകൂല്യങ്ങൾ**

ചോദ്യം മറുപടി

ശ്രീ.ഡി.കെ. മുരളി

കെ.കെ.ശൈലജ ടീച്ചർ
(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) ഓട്ടിസം ബാധിച്ച കുട്ടികൾക്ക് സർക്കാർ എന്തെല്ലാം ആനുകൂല്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദീകരിക്കാമോ; | (എ) ഭിന്നശേഷിക്കാർക്ക് വിദ്യാഭ്യാസ ധനസഹായം നൽകുന്ന വിദ്യാജ്യോതി, വിദ്യാകിരണം പദ്ധതി, അടിയന്തര സഹായം നൽകുന്ന പരിരക്ഷ പദ്ധതി, സ്കോളർഷിപ്പ് പദ്ധതി, സഹായ ഉപകരണം നൽകുന്ന പദ്ധതി, NGO സഹകരണത്തോടെ നടത്തുന്ന വൊക്കേഷണൽ ട്രെയിനിംഗ് സെന്ററുകൾ, പകൽ പരിപാലന കേന്ദ്രങ്ങൾ എന്നിവ നടപ്പാക്കുന്നു. ടി ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഓട്ടിസം ബാധിതരുൾപ്പെടെയുള്ളവർക്ക് അർഹതയുണ്ട്. കൂടാതെ ഓട്ടിസം ബാധിതരുൾപ്പെടെയുള്ള മാനസിക വെല്ലുവിളി നേരിടുന്നവർക്കായി നിരാമയ ഹെൽത്ത് ഇൻഷ്വറൻസ് പദ്ധതി, ഇത്തരം വ്യക്തികളെ പരിപാലിക്കുന്നവർക്കുള്ള ആശ്വാസകിരണം പദ്ധതി, എന്നിവയും സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പാക്കുന്നു.<br>ഓട്ടിസം ബാധിച്ച കുട്ടികൾക്കായി കേരള സാമൂഹ്യ സുരക്ഷാ മിഷൻ 2018-19 മുതൽ ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്ന സമഗ്ര പദ്ധതിയാണ് സ്പെക്ട്രം (SPECTRUM).<br>സ്പെക്ട്രം (SPECTRUM) പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന ഓട്ടിസം ഉൾപ്പെടെയുള്ള ഭിന്നശേഷിത്വം ബാധിച്ച കുട്ടികൾക്ക് നൽകുന്ന ആനുകൂല്യങ്ങളെ കുറിച്ചുള്ള വിശദ വിവരം ചുവടെ കുറിക്കുന്നു. |

| | |
|---|---|
| | 1. 12 വയസ്സിന് താഴെ പ്രായമുള്ള ഗുരുതര ഭിന്നശേഷിയുള്ള കുട്ടികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി 20,000/- രൂപ സ്ഥിര നിക്ഷേപമായി നൽകി വരുന്നു. 50 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ളതും പ്രതിവർഷം 100000/- രൂപയിൽ താഴെ കുടുംബ വരുമാനമുള്ള കുട്ടികൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നത്.<br>2. ബുദ്ധിപരമായ വെല്ലുവിളി നേരിടുന്ന 14 വയസ്സുമുതൽ പ്രായമുള്ള കുട്ടികളുടെ രക്ഷിതാക്കൾക്ക് 25 ലക്ഷം രൂപവരെ സ്വയംതൊഴിൽ വായ്പ നാമമാത്ര പലിശ നിരക്കിൽ നൽകുന്നു.<br>3. നിബന്ധനകൾക്ക് വിധേയമായി സഹായോപകരണങ്ങൾ നൽകി വരുന്നു.<br>4. എസ്.എസ്.എൽ.സി., പ്ലസ് ടു ഉന്നത വിജയം നേടുന്നവർക്ക് 5000 രൂപ പ്രൊഫിഷ്യൻസി അവാർഡ് നിബന്ധനകൾക്ക് വിധേയമായി നല്കുന്നു. |
| (ബി) ഓരോ ആനുകൂല്യവും ലഭിക്കുന്നതിന് ഏതൊക്കെ ഓഫീസുകൾ മുഖാന്തരമാണ് അപേക്ഷിക്കേണ്ടതെന്ന് വ്യക്തമാക്കാമോ? | (ബി) ഓരോ ആനുകൂല്യവും ലഭിക്കുന്നതിന് ജില്ലാ സാമൂഹ്യനീതി ഓഫീസുകൾ, ICDS ഓഫീസുകൾ, അങ്കണവാടി കേന്ദ്രങ്ങൾ എന്നിവ മുഖേന അപേക്ഷ നൽകാവുന്നതാണ്.<br>കേരള സാമൂഹ്യ സുരക്ഷാ മിഷൻ നടപ്പിലാക്കുന്ന പദ്ധതികളുടെ സേവനം ഗവ. മെഡിക്കൽ കോളേജുകൾ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫിസിക്കൽ മെഡിസിൻ ആന്റ് റീഹാബിലിറ്റേഷൻ- തൃശ്ശൂർ എന്നിവിടങ്ങളിൽ ലഭ്യമാകുന്നതാണ്.<br>കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷന്റെ പദ്ധതികൾക്ക് കോർപ്പറേഷന്റെ പൂജപ്പുരയിൽ പ്രവർത്തിക്കുന്ന ഹെഡ്ഓഫീസ് മുഖാന്തിരവും, കോഴിക്കോട് സിവിൽസ്റ്റേഷനിലും, എറണാകുളം ഫോർട്ട് കൊച്ചിയിലും പ്രവർത്തിച്ചു വരുന്ന മേഖലാ ഓഫീസുകൾ മുഖാന്തിരവും അപേക്ഷ സമർപ്പിക്കാവുന്നതാണ്.<br>അപേക്ഷാഫോറവും, വിശദാംശങ്ങളും www.hpwc.kerala.gov.in എന്ന വെബ്സൈറ്റ് വിലാസത്തിൽ ലഭ്യമാണ്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സ്പെക്ട്രം (SPECTRUM) പദ്ധതിയിലൂടെ നടത്തിവരുന്ന പ്രവർത്തനങ്ങൾ

1. തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശൂർ, കോഴിക്കോട്, മഞ്ചേരി ഗവ.മെഡിക്കൽ കോളേജുകളിലും, കോഴിക്കോട് IMHANS -ലും ഓട്ടിസം സെന്ററുകൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ഈ സെന്ററിലൂടെ ഓട്ടിസം സ്ക്രീനിംഗ്, വിവിധ തെറാപ്പികൾ, പരിശീലനങ്ങൾ, കൗൺസിലിംഗ്, വൈദ്യസേവനങ്ങൾ എന്നിവ ലഭ്യമാക്കുന്നു. പീഡിയാട്രീഷൻ, ഡെവലപ്മെന്റ് തെറാപ്പിസ്റ്റ്, സ്പീച്ച്തെറാപ്പിസ്റ്റ്, ഫിസിയോതെറാപ്പിസ്റ്റ്, ക്ലിനിക്കൽസൈക്കോളജിസ്റ്റ്, ഒക്യൂപേഷണൽ തെറാപ്പിസ്റ്റ് എന്നിവരുടെ സേവനവും ഈ സെന്ററിലൂടെ ലഭ്യമാക്കുന്നു.

2. ഗുണനിലവാരം ഉറപ്പാക്കുന്ന തെറാപ്പി സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനായി എംപാനൽ ചെയ്ത സ്വകാര്യ തെറാപ്പി സെന്ററുകൾ ഉൾപ്പെടെയുള്ളവയുടെ സേവനം വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു

3. ഓട്ടിസം മേഖലയിൽ ആധുനികവും ശാസ്ത്രീയവും ആയ ഇടപെടലുകളും പുനരധിവാസ പ്രവർത്തനങ്ങളും ലഭ്യമാക്കുന്നതിനും, ഓട്ടിസം മേഖലയിലെ പഠന ഗവേഷണങ്ങൾ നടത്തുന്നതിനുമായി തൃശ്ശൂർ ഇരിങ്ങാലക്കുടയിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിസിക്കൽ മെഡിസിൻ ആന്റ് റിഹാബിലിറ്റേഷനിൽ (NIPMR) റീജിയണൽ ഓട്ടിസം റിഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് ആധുനിക സൗകര്യങ്ങളോട് കൂടിയ റീഹാബിലിറ്റേഷൻ സെന്റർ, സെൻസറി ഗാർഡൻ, ആധുനിക സൗകര്യങ്ങളോട് കൂടിയ വിർച്ചൽ റീഹാബിലിറ്റേഷൻ യൂണിറ്റ് എന്നീ സംവിധാനങ്ങളിലൂടെയുള്ള തെറാപ്പി സൗകര്യം എന്നിവ ഈ കേന്ദ്രത്തിലൂടെ ഇപ്പോൾ ലഭ്യമാകുന്നു.

4. ഓട്ടിസം മേഖലയിൽ വിദഗ്ദ്ധ സേവനം ലഭ്യമാക്കുന്നതിനായി ഈ മേഖലയിൽ പ്രവർത്തിക്കുന്ന പീഡീയാട്രീഷ്യൻമാർ, ഫിസിയാട്രിസ്റ്റ്കൾ തുടങ്ങിയവർക്ക് പ്രത്യേക പരിശീലനം നൽകി വരുന്നു.

5. ഓട്ടിസം ഉള്ളവരുടെ ആശയവിനിമയ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി പ്രത്യേക ആശയവിനിമയ ഉപാധികൾ വികസിപ്പിച്ച് വ്യാപിപ്പിക്കാനുള്ള പദ്ധതി (പൈലറ്റായി) നടപ്പാക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്

6. ഓട്ടിസമുള്ളവരെ അവരുടെ മാതാപിതാക്കളെകൂടി ഉൾപ്പെടുത്തികൊണ്ട് നൈപുണ്യ വികസന പരിപാടികൾ നടപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങളും ആരംഭിക്കുന്നതാണ്.

7. ഓട്ടിസം ഉൾപ്പെടെ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് വീടുകളിൽ തന്നെ പരിശീലനവും ശാസ്ത്രീയ പരിചരണങ്ങളും തെറാപ്പികളും ലഭ്യമാക്കുന്നതിന് കഴിയുന്നവിധത്തിൽ മാതാപിതാക്കളെ ശാക്തീകരിക്കുന്നതിനുള്ള പരിശീലനം നൽകുന്ന പ രിപാടി പൈലറ്റായി മലപ്പുറം ജില്ലയിൽ ആരംഭിച്ചിട്ടുണ്ട്.